# അതിജീവനം

2021-22

## സ്കൂൾ പത്രം

## ജി.എച്ച്.എസ്.എസ്.കുഴിമണ്ണ

**Published on 14/3/2022**

### പ്രവേശനോത്സവം




പ്രവേശനോത്സവം 2021 നവംബർ 1 ന് കേരളപ്പിറവി ദിനത്തിൽ ഗവ: ഹയർ സെക്ക . സ്ക്രൂൾ കുഴിമണ്ണ UP വിഭാഗത്തിലും അത്യാഹ്ലാദപൂർവ്വം ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ  പുത്തൻകുരുന്നുകളെ വരവേറ്റു. ബഹുമാന്യനായ കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് മെമ്പർ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കുട്ടികൾക്കുള്ള നോട്ട് ബുക്ക് വിതരണം പഠനോപകരണങ്ങൾ, Sanitiser Maskവിതരണം, പത്രം സ്ക്രൂളിന് കൈമാറൽ, വാർഡ്തല സമിതി sponser ചെയ്ത Sanitiser സ്ക്രൂളിന് കൈമാറൽ ,  വാർഡ് മെമ്പർ, BRC യിൽ നിന്നുംBPC യും മറ്റ് പ്രതിനിധികളും, ,SMC ചെയർമാൻ, PTAപ്രസിഡൻ്റ് തുടങ്ങി വേദിയിൽ സന്നിഹിതരായിരുന്നവർ ഓരോ കർത്തവ്യം നിർവഹിച്ച് ചടങ്ങിന് മിഴിവേകി.
അങ്ങനെ 19 മാസത്തെ ഇടവേളക്ക് ശേഷം സ്ക്രൂളിൽ വീണ്ടും മണി മുഴങ്ങി.



### നൂറുമേനി വിജയത്തിളക്കവുമായി ജി.എച്ച്.എസ്.എസ്. കുഴിമണ്ണ

**GHSS KUZHIMANNA**

2022-23 പ്രവേശനത്തിനുള്ള റജിസ്ടഷൻ ആരംഭിച്ചിരിക്കുന്നു.

**0483 2756140 (office)**

**UP (5,6,7 )ക്ലാസ്സുകൾ - മലയാളം മീഡിയം**

ഹെഡ് മാസ്റ്റർ - ബാബു . സി

# ലോക പരിസ്ഥിതി ദിനം



ജൂൺ 5
ലോക പരിസ്ഥിതി ദിനം
പ്രകൃതിയെ മറക്കാതിരിക്കാനും
നാളേയ്ക്കു നല്ലൊരുക്കാനും സി.വി.രാമൻ
ശാസ്ത്ര വേദിയുടെ ആഭിമുഖ്യത്തിൽ
പരിസ്ഥിതി ദിനാചരണം നടത്തി.
'പരിസ്ഥിതി പുനസ്ഥാപനം'
എന്നതായിരുന്നു 2021ലെ പരിസ്ഥിതി ദിന
സന്ദേശം.

പ്രവർത്തനങ്ങൾ


1.ഒരു തൈ നടാം ക്യാംപയിൻ - എല്ലാ കുട്ടികളും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ ഫോട്ടോ /വീഡിയോ ക്ലാസ് ഗ്രൂപ്പിൽ പങ്കുവച്ചു.

2. അന്നു ഞാൻ നട്ടത്:- മുൻ വർഷങ്ങളിൽ സ്കൂളുകളിൽ നിന്നും കിട്ടിയ വൃക്ഷങ്ങൾക്കരികെയുള്ള ഫോട്ടോ

3. പരിസ്ഥിതി ദിന ക്വിസ് - ഓൺലൈൻ

4. എന്റെ പരിസരം - ഇന്നലെ, ഇന്ന് വീടും പരിസരവും വൃത്തിയാക്കി. മുമ്പും ശേഷവുമുള്ള ചിത്രങ്ങൾ പങ്കുവയ്ക്കൽ

5. പരിസ്ഥിതി ദിന ഗാനാലാപനം











"കാലേ വർഷതു പർജ്ജന്യ :
പൃഥിവീ സസ്യ ശാലിനീ
ദേശോയം ക്ഷോഭ രഹിത :
ബ്രാഹ്മണാ : സന്തു നിർഭയാ":
(സ്വസ്തി മന്ത്രങ്ങൾ).

വേണ്ടപ്പോൾ മഴ പെയ്യട്ടെ. ഭൂമി
ഫലഭൂയിഷ്ഠയായി
സസ്യ ശ്യാമളമായി വർത്തിക്കട്ടെ.
നാട്ടിൽ ശാന്തിയും
സമാധാനവും കളിയാടട്ടെ.
തത്ത്വദർശികളായ സജ്ജന
ങ്ങൾ, നിർഭയരായി വർത്തിക്കട്ടെ.

## C. V രാമൻ ശാസ്ത്ര വേദി

കുട്ടികളിൽ ശാസ്ത്ര പഠനമുന്നേറ്റം ലക്ഷ്യമിട്ടു കൊണ്ട് GHSS കുഴിമണ്ണ യു പി വിഭാഗത്തിൽ സർ.സി വി രാമന്റെ പേരിൽ ശാസ്ത്ര ക്ലബ് പ്രവർത്തിച്ചു വരുന്നു.കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും അന്വേഷണത്വര വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് CV രാമൻ ശാസ്ത്ര വേദിക്കു കീഴിൽ നടപ്പിലാക്കി വരുന്നത്. ക്ലബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പരമാവധി കുട്ടികളെ ക്ലബിൽ അംഗങ്ങളാക്കുകയും ഓരോ ക്ലാസിൽ നിന്നും 2 കുട്ടികളെ വീതം പ്രതിനിധികളായി തിരഞ്ഞെടുക്കുകയും ചെയ്തു. ഷരീഫ.കെ ആണ് ക്ലബ് കൺവീനർ.ആറാം ക്ലാസ് വിദ്യാർത്ഥി അനന്തു.A ആണ് സയൻസ് ക്ലബ് സെക്രട്ടറി.

സി.വി.രാമൻ ശാസ്ത്ര ക്ലബിനു കീഴിൽ നടന്ന പ്രവർത്തനങ്ങൾ

.പരിസ്ഥിതി ദിനാചരണം

.വീട്ടിലൊരു ശാസ്ത്ര ലാബ്

.പരീക്ഷണങ്ങളിലൂടെ (ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ)

.ഒരു തൈ നടാം - ക്യാമ്പയിൻ

.അഭിമുഖം (കർഷകനുമായി)

# Hello English
# Learning Enhancement Programme

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷ കേരള ആവിഷ്കരിച്ച പഠന പരിപോഷണ പരിപാടിയാണ് Hello English. 2018_19 അക്കാദമിക വർഷമാണ് ഈ പദ്ധതി പൊതു വിദ്യാലയങ്ങളിൽ തുടക്കം കുറിച്ചത്. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ വിരസമായ  ഭാഷാ ക്ലാസ്സുകളിൽ നിന്നും രസകരമായ പഠനാന്തരീക്ഷത്തിലേക്ക് ഇംഗ്ലീഷ്  ക്ലാസുകൾ പരിണമിച്ചതിന് നാം സാക്ഷ്യം വഹിച്ചു.
എന്നാൽ കോവിഡ് സാഹചര്യത്തിൽ ഇത്തരത്തിലുള്ള ക്ലാസ് അന്തരീക്ഷം നമുക്ക് നഷ്ടപ്പെട്ടു. English Journal ൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ ,ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട്,ഈ മാറിയ സാഹചര്യത്തിലും ഉപയോഗിക്കേണ്ടതായിട്ടുണ്ട്. കുട്ടികൾക്ക് ലഭ്യമാകേണ്ട ഭാഷാ ശേഷികൾ ,പഠന നേട്ടങ്ങൾ ഇവ കോവിഡ് സാഹചര്യത്തിൽ കുറച്ചു കൂടി replan ചെയ്ത ആക്റ്റിവിറ്റിസിലൂടെ കുട്ടികൾക്ക് ലഭ്യമാക്കാൻ സാധിക്കും.ഇതിനായുള്ള പരിശീലനം അധ്യാപകർക്ക് ഡിസംബർ 20, 21, 22, 23 തിയതികളിൽ ഓൺലൈനായി നൽകുകയും ചെയ്തു.
Hello English പ്രവർത്തനോദ്ഘാടനം  സമുചിതമായി നടന്നു.  ചടങ്ങിൽ പ്രധാന അധ്യാപകൻ അധ്യാപകർ ഇവരുടെ സാന്നിധ്യമുണ്ടായിരുന്നു. കുട്ടികളുടെ ഇംഗ്ലീഷ് അവതരണങ്ങൾ, പെർഫോമൻസസ് ഇവ ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ ആകർഷിച്ചു.
Listen Up now, listen to us🎼🎼🎼..... കൊച്ചുമക്കളുടെ Action Song കണ്ണിന് കുളിർമയായി. കുട്ടികളുടെ anchoring ,Skit, charades, Speech... അവതരണങ്ങളും മികച്ചതായിരുന്നു .... ഇന്നു മുതൽ കൂടുതൽ ഉണർവ്വോടെ തുടരുന്ന Hello English പ്രവർത്തനങ്ങൾക്ക് ആശംസകളോടെ.......



ശീതകാല പച്ചക്കറി വിളവെടുപ്പിന് തുടക്കമായി

## കുഴിമണ്ണ ഹയർ സെക്കൻഡറി സ്ക്കൂളിൽ ശീതകാല പച്ചക്കറി വിളവെടുപ്പിന് തുടക്കമായി.

സ്ക്കൂളിലെ ശീതകാല പച്ചക്കറിയുടെ വിളവെടുപ്പ് കൃഷി ഓഫീസർ നെസ് മിയ. കെ. ഉദ്ഘാടനം ചെയ്തു.
.കേരള സർക്കാരിൻ്റെ സ്ഥാപനാധിഷ്ഠിത കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സ്ക്കൂൾ അങ്കണത്തിൽ പച്ചക്കറിക്കൃഷി ആരംഭിച്ചത്.
.ദേശീയ ഹരിതസേനയുടെ നേതൃത്വത്തിൽ യു.പി.വിഭാഗം അധ്യാപകനായ പി.ജയനും വിദ്യാർത്ഥികളുമാണ് പച്ചക്കറിത്തോട്ടം പരിപാലിച്ച് വരുന്നത്.
. ക്വാളിഫ്ലവർ, ക്യാബേജ്, ബ്രോക്കോളി തുടങ്ങിയവയുടെ വിളവെടുപ്പാണ് നടന്നത്.
.ഇവക്ക് പുറമെ വെണ്ട, വഴുതന, പയർ എന്നിവയും പച്ചക്കറിത്തോട്ടത്തിലുണ്ട്.
.കൃഷിഭവൻ്റെ സബ്സിഡിയോടുകൂടിയാണ് പച്ചക്കറിക്കൃഷി.
. താല്പര്യമുള്ള സ്ക്കൂളിൽ പൂർണമായും ജൈവ കൃഷി രീതിയിലാണ് പച്ചക്കറികൾ വിളയിച്ചെടുക്കുന്നത്.
.കൃഷി രീതി., വളപ്രയോഗം എന്നിവയിൽ കൃഷിഭവൻ നിർദ്ദേശങ്ങൾ നൽകി വരുന്നു. വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറി സ്വയം ഉണ്ടാക്കിയെടുക്കുന്ന ഒരു കാർഷിക സംസ്ക്കാരം കുട്ടികളിൽ എത്തിക്കുന്നതിൻ്റെ ഭാഗമായാണ് സ്ഥാപനാ ധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുന്നതെന്ന് കൃഷി ഓഫീസർ പറഞ്ഞു. വിളവെടുപ്പിൽ പ്രധാനാധ്യാപകൻ എ.ബാബു., കെ.അബ്ദു ഗഫൂർ, ദാവൂദ് മഠത്തിൽ, കൃഷി അസിസ്റ്റൻ്റ് പി.പ്രജി പങ്കെടുത്തു.




## സെപ്റ്റംബർ 16 ഓസോൺ ദിനം

സൂര്യനിൽ നിന്നും പുറത്തു വരുന്ന മാരക കിരണങ്ങളിൽ നിന്നും ഭൂമിയെയും സകല ജീവജാലങ്ങളെയും സംരക്ഷിക്കുന്ന രക്ഷാ കവചമായ ഓസോൺ പാളിയെ എന്തു വില കൊടുത്തും സംരക്ഷിക്കുമെന്ന് ഒരിക്കൽ കൂടി ലോകം പ്രതിജ്ഞ ചെയ്യുന്ന ദിവസമാണ് ഓസോൺ ദിനം. വിദ്യാർത്ഥികളിൽ ഓസോൺ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനായി സെപ്റ്റംബർ 16 ഓസോൺ ദിനം ആചരിച്ചു.വിവിധ മത്സരങ്ങളിൽ പങ്കാളികളായ വിദ്യാർത്ഥികൾക്ക് ഇ സർട്ടിഫിക്കറ്റുകൾ നൽകി. രാമാനുജൻ ശാസ്ത്ര വേദിക്കു കീഴിൽ കുട്ടികൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾ നൽകി.

1. ബോധവൽക്കരണ ക്ലാസ്
2. ഓസോൺ ദിന പ്രശ്നോത്തരി
3. പോസ്റ്റർ രചന

## Dew Drops English Club

വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം വർദ്ധിപ്പിക്കുക , ഭാഷ കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കുക, തുടങ്ങിയ ലക്ഷ്യത്തോടെ യു.പി വിഭാഗത്തിൽ Dew Drops English club പ്രവർത്തിച്ചു വരുന്നു.6 A ക്ലാസിലെ മുഹമ്മദ് നാഫിഹ് ആണ് ക്ലബ് ലീഡർ.
വായനദിനത്തോടനുബന്ധിച്ച് English വായന മത്സരം ഓൺലൈനായി നടത്തി.കൂടാതെ ഇംഗ്ലീഷ് മാഗസിൻ തയാറാക്കി.




## 2021 Dec. 3 ഭിന്ന ശേഷി ദിനാചരണം

Inclusive Education
Samagra Siksha Kerala(SSK)
സമഗ്ര ശിക്ഷ കേരള യുടെ ഏറ്റവും പ്രധാനപ്പെട്ട ഇടപെടല് മേഖലയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം അഥവാ inclusive Education.

ഒരുകാലത്ത് സമൂഹത്തിലെ ഒറ്റപ്പെട്ടുപോയിരുന്ന വിഭിന്നശേഷിയുള്ള ഭിന്നശേഷിക്കാരായ നമ്മുടെ മക്കളെ സമൂഹത്തിൽ മുഖ്യധാരയിലേക്ക് കൈപിടിച്ചുകയറ്റുന്നതിനുള്ള നിരവധിയായ പദ്ധതികളാണ് കഴിഞ്ഞ കുറേ വർഷങ്ങളായി കേരളമൊട്ടാകെ നടന്നുവരുന്നത്. അതിന്റെ ഫലമായിട്ടാണ് ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനം എന്ന പദവി നമുക്ക് നേടാൻ കഴിഞ്ഞത്.

കേരളത്തിലെ 168 ബി ആർ സി യുടെ കീഴിൽ മതിയായ വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തന പരിചയമുള്ള നിരവധി സ്പെഷ്യൽ എഡ്യൂക്കേറ്റർ മാർ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഈ മക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി അവരെ ചേർത്ത് പിടിക്കുന്നു.

കുഴിമണ്ണ ഹൈസ്കൂളിലെ സ്പെഷൽ ടീച്ചർ എജ്യുക്കേറ്റർ ശ്രീമതി റുബിയ ടീച്ചർ, പ്രധാനാധ്യാപകൻ ശ്രീ ബാബു സി. സഹാധ്യാപകരായ ജയൻ പി ,ഷരീഫ കെ എന്നിവ ർ ഭിന്ന ശേഷി കുട്ടികളുടെ വീടുകളിൽ സന്ദർശനം നടത്തി . അവർക്ക് പ്രത്യേക സമ്മാനങ്ങളും നൽകി.





## ദണ്ഡിയാത്ര പുനരാവിഷ്കരിച്ച് വിദ്യാർഥികൾ

കുഴിമണ്ണ ഹയർസെക്കൻഡറി സ്കൂളിലെ യു.പി. വിഭാഗം കുട്ടികൾ ഗാന്ധിജിയുടെ ദണ്ഡി യാത്ര പുനരാവിഷ്കരണം പ്രിൻസിപ്പൽ ജോൺ ക്രിസ്റ്റഫർ ഉദ്ഘാടനംചെയ്യുന്നു

അരീക്കോട് ▸ കുഴിമണ്ണ ഹയർസെക്കൻഡറി സ്കൂളിലെ യു.പി. വിഭാഗം കുട്ടികൾ ഗാന്ധിജിയുടെ ദണ്ഡിയാത്ര പുനരാവിഷ്കരി ച്ചു. മാർച്ച് 12 സബർമതി ദിനാചരണത്തിന്റെ ഭാഗമായാണ് കു ട്ടികൾ അധ്യാപകരുടെ നേതൃത്വത്തിൽ ദണ്ഡി മാർച്ച് പുനരാവിഷ്ക രിച്ചത്. പ്രിൻസിപ്പൽ ജോൺ ക്രിസ്റ്റഫർ മാർച്ച് ഉദ്ഘാടനംചെയ്തു. പി.ടി.എ. പ്രസിഡന്റ് പി. സെയ്തലവി, അധ്യാപകരായ അബ്ദുൾ ഗഫൂർ, പി. ജയൻ, ബി.ടി. ശ്രീലത, ഷരീഫ, സബിത തുടങ്ങിയ വർ നേതൃത്വം നൽകി.

# മാർച്ച് 12 ദണ്ഡി മാർച്ച് ദിനം.

ദണ്ഡി മാർച്ച് പുന:രാവി വിഷ്കരിച്ച് കുഴിമണ്ണയിലെ കുട്ടികൾ

.കുഴിമണ്ണ ഹയർ സെക്കൻഡറിയിലെ യു.പി.വിഭാഗം കുട്ടികകളാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ സബർമതി ആശ്രമത്തിൽ നിന്ന് ദണ്ഡി കടപ്പുറത്തേക്കുള്ള സത്യാഗ്രഹത്തിൻ്റെ ദൃശ്യാവിഷ്കാരം നടത്തിയത്.മാർച്ച് 12ന് സബർമതി ദിനാചരണത്തിൻ്റെ ഭാഗമായാണ് കുട്ടികൾ അധ്യാപകരുടെ നേതൃത്വത്തിൽ ദണ്ഡി മാർച്ച് സംഘടിപ്പിച്ചത്.

.ഗുജറാത്തിലെ സബർമതി ആശ്രമത്തിൽ നിന്ന് ആരംഭിച്ച് വിവിധ ഗ്രാമങ്ങളിലൂടെ 390 മൈൽ ദൂരം താണ്ടി ദണ്ഡി കടപ്പുറത്തെത്തി ഉപ്പു നിയമം ലംഘിക്കുന്നതിൻ്റെ ഓർമദിനമാണ് ദൃശ്യാവിഷ്കാരമായത്.

.ഗാന്ധിജി, സരോജിനി നായിഡു, ടൈറ്റസ്, സി. കൃഷ്ണൻ നായർ, രാഘവ പൊതുവാൾ, ശങ്കരൻ എഴുത്തച്ഛൻ തുടങ്ങിയവരുടെ വേഷമണിഞ്ഞ് വിവിധ ക്ലാസ്സുകളിലൂടെ കയറിയിറങ്ങി, എല്ലാവരും ചേർന്ന് സ്കൂൾ മൈതാനത്ത് ഒത്തുകൂടിയാണ് ഉപ്പുനിയമ ലംഘനത്തിൻ്റെ സ്മരണ പുതുക്കിയത്.

. മഹാത്മാഗാന്ധി കീ ജയ് എന്ന മുദ്രാവാക്യവും പുഷ്പാർച്ചനയും സ്വാതന്ത്ര്യ സമര ഗീതങ്ങളും ദണ്ഡി മാർച്ചിന് മികവു പകർന്നു.

. പ്രിൻസിപ്പൽ ജോൺ ക്രിസ്റ്റഫർ മാർച്ച് ഉദ്ഘാടനം ചെയ്തു.

. പി.ടി.എ.പ്രസിഡൻ്റ് പി.സെയ്തലവി, അധ്യാപകരായ അബ്ദുൾ ഗഫൂർ, പി.ജയൻ, ബി.ടി. ശ്രീലത, ഷരീഫ, സബിത തുടങ്ങിയവർ നേതൃത്വം നൽകി.

.യു.പി.സിലബസിലെ മലയാളം, സാമൂഹ്യപാഠം എന്നി വിഷയങ്ങളെ ആധാരമാക്കി നടത്തിയ മാർച്ച് കുട്ടികൾക്ക് നവ്യാനുഭവമായി.

# ❤ലിറ്റിൽ ഏഞ്ചൽസ് ക്രിസ്മസ് ഫെസ്റ്റ് 2021



ഡിസംബർ 23
വ്യാഴം രാവിലെ 10.30 ന് 5 A യിൽ വെച്ച് കുട്ടികൾക്കായി ഒരു ക്രിസ്മസ് - ന്യൂയർ ഫെസ്റ്റ് സംഘടിപ്പിച്ചു.

മുഖ്യാതിഥികളായി നമ്മോടൊപ്പം വന്നത് അരീക്കോട് ബി ആർ സിയിലെ ബിപിസി ശ്രീ രാജേഷ് പി.ടി യാണ്. യുപി വിഭാഗം കുട്ടികൾക്കായി നടത്തുന്ന ഇത്തരം സ്നേഹ സദസ്സുകളെയും യുപി വിഭാഗത്തിലെ വർണാഭ മായ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ സ്റ്റാഫ് സെക്രട്ടറിയും മറ്റ് HS അധ്യാപകരും അഭിനന്ദിച്ചു കൂടാതെ ഇനിയും അവരുടെ സഹകരണം ഉണ്ടാകുമെന്ന് ഉറപ്പു നൽകി....
മുഴുവൻ കുട്ടികൾക്കും ഗിഫ്റ്റ് നൽകി

കുട്ടികളുടെ പാട്ട്, കവിത മാജിക് തുടങ്ങി എല്ലാവരെയും വിസ്മയിപ്പിച്ച കലാവിരുന്ന് ആഘോഷത്തെ വേറിട്ട അനുഭവമാക്കി ........
എല്ലാ കൊച്ചു കൂട്ടുകാർക്കും . അഭിനന്ദനങ്ങൾ...... 🌹 🌹 .
Interactive session ൽ
BPC കുട്ടികളുമായി ചർച്ച നടത്തി. അവരുടെ പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ എന്നിവ കേൾക്കുകയും വേണ്ട പരിഹാരം കണ്ടെ ത്താൻ ശ്രമിക്കുകയും ചെയ്തു.

എന്തുകൊണ്ടും വളരെ അർത്ഥവത്തായിരുന്നു ഈയൊരു ആഘോഷം. ഈയവസരത്തിലും കോവി ഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ട് കുഞ്ഞുങ്ങളെ പുറം ലോകത്തെത്തിക്കാൻ ... ഒന്നിച്ചുകൂടാൻ... കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ..... കഴിഞ്ഞതിൽ സന്തോഷിക്കുന്നു....

......... നന്ദി....ഇങ്ങനെ ഒന്നു ചിന്തിക്കാൻ അവസരം തന്നതിനും...
നമ്മുടെ മക്കളെ സ്നേഹത്തോടെ കരുതലോടെ ഒപ്പം നിർത്തിയതിനും.....
കുഞ്ഞുങ്ങളെ തയ്യാറാക്കി സന്തോഷത്തോടെ കൊണ്ടുവന്ന രക്ഷിതാക്കൾക്ക് ......
ടീച്ചേഴ്സിന്
പ്രധാനാധ്യാപകന് അരിക്കൊടട് BPC ശ്രീ രാജേഷ് പിടി മാഷിന്......എല്ലാറ്റിനുമുപരി നമ്മുടെ പ്രിയപ്പെട്ട ലിറ്റിൽ ഏഞ്ചൽസിന്.......



# ഗണിത വിജയം സ്ക്രൂൾ തല പരിശീലനം പൂർത്തിയായി

🕐🕑🕒🕓🕔🕕

സമഗ്ര ശിക്ഷ കേരളം നടപ്പാക്കി വരുന്ന പഠന പരിപോഷണ പരിപാടിയായ "ഗണിത വിജയം "
 കുഴിമണ്ണ GHSS ലെ 3 ക്ലാസ് മുറികളിലും ഗണിത വിജയം പരിശീലനം പൂർത്തിയാക്കി.
കോവിഡ് സാഹചര്യത്തിൽ ഗണിത വിജയം -വിദ്യാലയത്തിലും വീട്ടിലും ' എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
പ്രാദേശികമായും, ക്ലാസ് മുറികളിലുമുള്ള ഗണിതാനുഭവങ്ങൾ പങ്കുവച്ചു കൊണ്ട് സെഷനുകൾ ആരംഭിച്ചു.
 കോടീശ്വരൻ, നമ്പർ ട്രാക്ക്, ഗോലി കളി, ഡൈസ് കളി, പമ്പരം കറക്കാം , ഗുണിച്ചു മുന്നേറാം, വളഗണിതം, കുറയ്ക്കാം മറക്കാം , തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകൾ അവതരിപ്പിച്ചു.

ഫീഡ്ബാക്കിൽ കുട്ടികൾ ഗണിത വിജയത്തെ കുറിച്ചുള്ള മികച്ച അഭിപ്രായം ആണ്പങ്കിട്ടത്.

 കൊറോണ സമയത്തും ഇങ്ങനെ ഒരു പരിശീലനം ഏറെ പ്രയോജനപ്പെട്ട തായി അദ്ധ്യാപകർ  അഭിപ്രായപ്പെട്ടു.
 പ്രയാസമേറിയ ചതുഷ്ക്രിയകൾ അനായാസേന കുട്ടികളിലെത്തിക്കാൻ ഗണിതവിജയം പദ്ധതിക്ക് സാധിക്കുമെന്ന് അനുഭവങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങൾ സഹിതം അധ്യാപകർ വിവരിച്ചു .അധ്യാപകരുടെ പിന്തുണയോടെയും രക്ഷിതാക്കളുടെ സഹായത്തോടെയും ഗണിത വിജയം - വിദ്യാലയത്തിലും വീട്ടിലും എന്ന പദ്ധതി വിജയിപ്പിക്കാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ശില്പശാലക്ക് പര്യവസാനമായി. അധ്യാപകർ വിവിധ സെഷനുകൾ നിയന്ത്രിച്ചു.
ഗണിതവിജയ പരിശീലനം വിജയകരമായി പൂർത്തീകരിക്കാൻ പങ്കാളികളായ എല്ലാവർക്കും
 Team Up
GHSS കുഴിമണ്ണയുടെ അകമഴിഞ്ഞ നന്ദിയും കടപ്പാടുകളും അഭിനന്ദനങ്ങളും....



**പുസ്ത പ്രകാശനം -**

## 8.H ക്ലാസ്സിലെ കുട്ടികൾ എഴുതിയ നോവൽ -

# അന്ധകാരത്തിലെ പൊൻ വിളക്ക്

കുഞ്ഞു ജുസ്മിലക്ക് ബോൺ ക്യാൻസറായിരുന്നു.
ആരും കേൾക്കാൻ ആ ഗ്രഹിക്കാത്ത വ്യാധി.
ശോകമൂകത തളം കെട്ടിയ സ്ക്രൂൾ അങ്കണം. ജുസ്മിലയുടെ ചികിത്സ ഒരു ചോദ്യചിഹ്നമായി? കിടപ്പാടം വിറ്റ് ചികിത്സയുടെയും മരുന്നുകളുടെയും ആശുപത്രിച്ചുമരുകളുടെയും ലോകത്തേക്ക് ഒതുക്കപ്പെട്ട ഉമ്മയും ഉപ്പയും. കൂട്ടുകാരിയുടെ ചികിത്സ സഹായത്തിനായി ഒരു പുസ്തകമെഴുത്ത്. അവരുടെ കുഞ്ഞു മനസ്സിൽ ഉദയം ചെയ്ത ആ ചിന്ത പ്രാതസ്സൂര്യൻ്റെ ജ്വാജ്ജ്വല്യതയ്ക്കും അപ്പുറമായിരുന്നു.
ഒരു കുഞ്ഞ് നോവൽ പുസ്തക രൂപത്തിലാക്കി ചികിത്സാനിധി സ്വരൂപിക്കുക. ജുസ്നയും അനീസയും ജുസ്‌ലയും ഷെറിനും ചേർന്ന് രചന പൂർത്തിയാക്കിയപ്പോഴേക്കും ആ കുഞ്ഞുക്കിളി വേദനയുടെ ചിറകടിച്ച് കാലയവനികയ്ക്കപ്പുറത്തേക്ക് പറന്നിരുന്നു.
കൊറോണയുടെ സംഹാര താണ്ഡവത്തിൽ നോവൽ രചന പിന്നേയും വൈകി. എങ്കിലും തങ്ങളുടെ പ്രിയ കൂട്ടുകാരിയോടുള്ള കടപ്പാട് പറഞ്ഞറിയിക്കാനാവാത്തതായിരുന്നു.
ചിന്തയ്ക്ക് തീപിടിച്ചപ്പോൾ നോവൽ അധ്യായങ്ങൾ ഒന്നൊന്നായി പിറന്നു വീണു.അതിപ്പോൾ പുസ്തക രൂപമെടുക്കുകയാണ്. അക്ഷരം അഗ്നിയാണെന്ന തിരിച്ചറിവിൽ 8.എച്ച് ക്ലാസ്സിലെ മിടുക്കികളുടെ ആ സദ്ദ്യമം ഇവിടെ അച്ചടിമഷി പുരളുകയാണ്.
പറന്നകന്ന ആ കുഞ്ഞു ക്കിളിക്കുള്ള സമർപ്പണമായി. അന്ധകാരത്തിലെ പൊൻവിളക്ക്

**അതിജീവനം**

**സ്കൂൾ പത്രം - 2021 - 22.**

ചീഫ് എഡിറ്റർ - സി. ബാബു (HM)
എഡിറ്റർ - സുരേഷ് ബാബു ടി.
എഡിറ്റോറിയൽ ബോർഡ് - അബ്ദുൾ ഗഫൂർ ഐ, അബ്ദുൾ ഗഫൂർ കെ, ജയൻ പി
ഷരീഫ കെ.
ശ്രീലത ബി.ടി
സബിത സി എസ് ,
പാർവതി രാജ് , അമൃത, അർച്ചന

*Editorial*

